## പതിമൂന്നാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1724 | 17.06.2013 ന് മറുപടിയ്ക്ക്.

**വന്യജീവി ആക്രമണം തടയുന്നതിന് 'റാപ്പിഡ് റെസ്പോൺസ്' ടീം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യജീവി ആക്രമണം തടയുന്നതിന് രൂപീകരിച്ച 'റാപ്പിഡ് റെസ്പോൺസ്' ടീമിന്റെ വിവിധ യൂണിറ്റുകൾ ഏതെല്ലാം; വിശദാംശം നൽകുമോ; | (എ) വനം വകുപ്പിനു കീഴിൽ 8 റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിക്കുന്നുണ്ട്. വയനാട്, കണ്ണൂർ, പാലക്കാട്, നിലമ്പൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) പ്രസ്തുത ടീമിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ; | (ബി) അതതു പ്രദേശത്തെ റെയിഞ്ചാഫീസറുടെ നേതൃത്വത്തിലാണ് ഓരോ റാപ്പിഡ് റെസ്പോൺസ് ടീമും പ്രവർത്തിക്കുന്നത്. ഓരോ ടീമിലും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വയനാട് - 1 ഡെപ്യൂട്ടി റെയിഞ്ചർ, 2 ഫോറസ്റ്റർ, 4 ഫോറസ്റ്റ് ഗാർഡ്.<br>2. കണ്ണൂർ - 1 ഡെപ്യൂട്ടി റെയിഞ്ചർ, 2 ഫോറസ്റ്റർ, 4 ഫോറസ്റ്റ് ഗാർഡ്.<br>3. പാലക്കാട് - 1 ഡെപ്യൂട്ടി റെയിഞ്ചർ, 2 ഫോറസ്റ്റർ, 4 ഫോറസ്റ്റ് ഗാർഡ്.<br>4. നിലമ്പൂർ - 1 ഡെപ്യൂട്ടി റെയിഞ്ചർ, 2 ഫോറസ്റ്റർ, 4 ഫോറസ്റ്റ് ഗാർഡ്.<br>5. റാന്നി - 1 ഡെപ്യൂട്ടി റെയിഞ്ചർ, 2 ഫോറസ്റ്റർ, 4 ഫോറസ്റ്റ് ഗാർഡ്.<br>6. കോഴിക്കോട് - 1 ഡെപ്യൂട്ടി റെയിഞ്ചർ, 1 ഫോറസ്റ്റർ, 4 ഫോറസ്റ്റ് ഗാർഡ്.<br>7. മണ്ണാർക്കാട് - 2 ഫോറസ്റ്റർ, 4 ഫോറസ്റ്റ് ഗാർഡ്.<br>8. പേപ്പാറ -1 ഫോറസ്റ്റർ, 4 ഫോറസ്റ്റ് ഗാർഡ്.<br><br>കൂടാതെ ആവശ്യാനുസരണം ദിവസക്കൂലി വാച്ചർമാരും വാഹനത്തിന്റെ ഡ്രൈവറും ഓരോ ടീമിനോടൊപ്പവും ജോലി ചെയ്യുന്നുണ്ട്. |

റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ പ്രവർത്തനം ചുവടെ ചേർക്കുന്നു.

1. കൃഷിനാശം റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിലേക്ക് എത്രയും പെട്ടെന്ന് എത്തിച്ചേരുകയും അവിടുത്തെ പ്രാദേശിക ജീവനക്കാരുടേയും വാച്ചർമാരുടെയും വി.എസ്.എസ്./ഇ.ഡി.സി അംഗങ്ങളുടേയും സഹായത്തോടെ പ്രതിരോധ നടപടികൾ കൈക്കൊണ്ട് കാട്ടാനകൾ കാട്ടിലേക്ക് തന്നെ തിരികെ പോയി എന്ന് ഉറപ്പു വരുത്തുക.

2. കൃഷിനാശം വരുത്തുന്നത് ഒറ്റയാനായ കാട്ടാനയാണെങ്കിൽ അതിനെ തിരികെ കാട്ടിലേക്ക് തുരത്തിയോടിക്കുന്നതിനുള്ള ശ്രമം വിഫലമാവുന്ന പക്ഷം ടി കാട്ടാനയെ മയക്കുവെടി വെച്ച് തിരികെ കാട്ടിലേക്ക് വിടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

3. ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനായി ആ പ്രദേശത്തെ സ്റ്റേഷൻ ഹൗസ് ഓഫീസറുമായി ബന്ധപ്പെട്ട് പോലീസിന്റെ സഹായം തേടുക.

4. എല്ലാ പ്രവർത്തനങ്ങളുടേയും റിപ്പോർട്ടുകൾ അപ്പപ്പോൾ ലഭ്യമാക്കി മറ്റു പ്രദേശങ്ങളിലെ ഓഫീസർമാരുമായി ഏകോപനം നടത്തുക.

5. കാട്ടാനകളുടെ ആക്രമണം ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ സ്ഥിരമായി പട്രോളിംഗ് നടത്തി ആന പ്രതിരോധ കിടങ്ങുകൾ, സൗരോർജ്ജ കമ്പിവേലികൾ, കയ്യാലകൾ എന്നിവ പരിശോധിച്ചും പൊതുജനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണ്ട മുൻകരുതലുകളെടുക്കുക.

| | |
|---|---|
| (സി) പ്രസ്തുത ടീമിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് റെസ്പോൺസ് ടീമുകളെ വിന്യസിക്കുന്നത് പരിഗണിക്കുമോ? | (ഡി) പുതിയ ടീമുകളെ വിന്യസിക്കുന്നത് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.